"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27-05-2020-ലെ തീരുമാനങ്ങൾ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ബ്ലോക്ക് പഞ്ചായത്തുകളുടെ തനത് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ലാപ്‌ടോപ് വാങ്ങി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1168/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/06/2020

---

പരാമർശം:- 1 ഗ്രാമവികസന കമ്മീഷണറുടെ 14.01.2020-ലെ ഡിപി4/5554/സിആർഡി നമ്പർ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2020-ലെ 4.8 നമ്പർ തീരുമാനം

**ഉത്തരവ്**

ഗ്രാമ പഞ്ചായത്തുകളിലെ പദ്ധതി പ്രവർത്തനങ്ങളുടെ പ്രധാന നിർവ്വഹണ ഉദ്യോഗസ്ഥരും വിവിധ കേന്ദ്ര പദ്ധതികളുടെ ഫീൽഡ് തല ഉദ്യോഗസ്ഥരുമായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് (വി.ഇ.ഒ.) നിലവിൽ ജോലി സംബന്ധമായ ആവശ്യങ്ങൾക്ക് കമ്പ്യൂട്ടർ ലഭ്യമല്ലാത്തത് ജോലിയിൽ കാലതാമസവും ബുദ്ധിമുട്ടുകളും ഉണ്ടാകുന്നതിന് കാരണമാകുന്നു എന്നും ജിയോ ടാഗിങ് ഉൾപ്പടെയുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് ടി ഉദ്യോഗസ്ഥർക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടോ വികസനഫണ്ടോ ഉപയോഗിച്ച് ഒരു മിഡ് ലെവൽ സ്പെസിഫിക്കേഷനുള്ള ലാപ് ടോപ് വാങ്ങി നൽകാൻ അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2. 27.05.2020-ലെ വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ സമിതി യോഗം ഇക്കാര്യം പരിഗണിക്കുകയും ലാപ് ടോപ് CPRCS പോർട്ടലിൽ നിന്നു തന്നെ വാങ്ങേണ്ടതാണ് എന്ന നിബന്ധനയോടെ തനത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അതത് ബ്ലോക്ക് പഞ്ചായത്തിന് ഇതിനായി തുക ചെലവഴിക്കുന്നതിന് അനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയുണ്ടായി.

3. മേൽ വിവരിച്ച സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ഒരു മിഡ് ലെവൽ സ്പെസിഫിക്കേഷനുള്ള ലാപ് ടോപ് വാങ്ങി നൽകാൻ അതാത് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. ലാപ് ടോപ് CPRCS പോർട്ടലിൽ നിന്നു തന്നെ വാങ്ങേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം എസ്**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ്മാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed NISAM N
Date: 202 06 10:36:03
IST
Reason: Approved
സെക്ഷൻ ഓഫീസർ